(സി) സംസ്ഥാന വിഹിതം മേൽപദ്ധതി നടപ്പിലാക്കാൻ വിനിയോഗിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പോ പ്ലാനിംഗ് ബോർഡോ നിർദ്ദേശം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാ തലത്തിൽ കാര്യങ്ങൾ തീരുമാനിക്കാനായി ഏതെങ്കിലും തരത്തിലുള്ള സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 85:15 എന്ന അനുപാതത്തിലും 10-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 75:25 എന്ന അനുപാതത്തിലും അതിനുശേഷം 50:50 എന്ന അനുപാതത്തിലുമാണ് കേന്ദ്ര സംസ്ഥാന ഫണ്ട് വിഹിതം.

(ബി) കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും പ്രൈമറി എഡ്യൂക്കേഷൻ ഡെവലപ്മെന്റ് സൊസൈറ്റി മുഖേനയാണ് ചെലവഴിക്കുന്നത്.

(സി) സംസ്ഥാന വിഹിതത്തിന്റെ മാത്രം കാര്യത്തിൽ പ്രത്യേക നിർദ്ദേശമൊന്നുമില്ല. സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും കൂടിയുള്ള തുക അംഗീകൃത ബഡ്ജറ്റിലെ അനുവദനീയമായ കാര്യങ്ങൾക്ക് വിനിയോഗിക്കാൻ നിർദ്ദേശങ്ങൾ ഉണ്ട്.

(ഡി) ജില്ലാതല ആസൂത്രണസമിതി, ജില്ലാ വർക്കിംഗ് ഗ്രൂപ്പ്, ജില്ലാ ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നിവയെയാണ് ജില്ലാതലത്തിൽ കാര്യങ്ങൾ തീരുമാനിക്കുന്നതിനും നടപ്പിലാക്കുന്നതിനും ചുമതലപ്പെടുത്തിയിട്ടുള്ളത്.

ഡി.പി.ഇ.പി. വിദ്യാഭ്യാസ പരിപാടിയുടെ പുരോഗതി

148 (2867) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി (ഡി.പി.ഇ.പി) ഇപ്പോൾ സംസ്ഥാനത്തെ എത്ര ജില്ലകളിൽ നടപ്പിലാക്കിവരുന്നു ;

(ബി) ഈ വിദ്യാഭ്യാസ പരിപാടിയുടെ ഗുണനിലവാരം മെച്ചമാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(സി) ഈ വിദ്യാഭ്യാസ പരിപാടിയിലൂടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ ഉണ്ടായ പുരോഗതി വ്യക്തമാക്കുമോ ;

(ഡി) ഈ വിദ്യാഭ്യാസ പദ്ധതി മെച്ചപെടത്തുന്നതിന് സന്നദ്ധ സംഘടനകളുടെ സഹായം പ്രയോജനപ്പെടുത്തുമോ ?

ഉത്തരം

(എ) ഡി.പി.ഇ.പി 2003 ജൂൺ മാസം 30-ാം തീയതിയോടെ അവസാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2003 ജൂൺ 30-ന് അവസാനിച്ച ഡി.പി.ഇ.പി. പ്രകാരം സ്കൂളുകളിലെ ഭൗതിക സാഹചര്യവും അക്കാദമിക് നിലവാരവും ഉയർത്തുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിരുന്നു. അവ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ വിദ്യാഭ്യാസ പരിപാടിയിലൂടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട് എന്ന് പല അക്കാദമിക പഠനങ്ങളിലൂടെയും തെളിയിച്ചിട്ടുണ്ട്.

(ഡി) ഈ വിദ്യാഭ്യാസ പദ്ധതിയുടെ വിജയത്തിനായി വിവിധ മേഖലകളിൽ സന്നദ്ധസംഘടനകളുടെ സഹായം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ലാഭകരമല്ലാത്ത സർക്കാർ വിദ്യാലയങ്ങൾ പൂട്ടാനുള്ള നടപടി

149 (2868) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. എം. വി. ജയരാജൻ :
ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ലാഭകരമല്ലാത്ത സർക്കാർ വിദ്യാലയങ്ങൾ ഘട്ടം ഘട്ടമായി പൂട്ടാൻ ഗവൺമെന്റ് നയപരമായി തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ലാഭകരമല്ലാത്ത സർക്കാർ വിദ്യാലയങ്ങൾ നിർത്തൽ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന ആസൂത്രണ ബോർഡിന്റെ നിർദ്ദേശം സർക്കാർ പരിഗണിക്കുന്നുണ്ടോ ;

(ഡി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ പഠിക്കുന്ന സർക്കാർ വിദ്യാലയങ്ങൾ നിർത്തൽ ചെയ്യുന്നതുമൂലം സമൂഹത്തിലെ ഒരു വിഭാഗത്തിന് വിദ്യാഭ്യാസം നിഷേധിക്കുന്നു എന്നതിനാൽ, ഇത് പുനഃപരിശോധിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) നിർദ്ദേശം പരിഗണനയിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly